**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5433** **21-07-2022 - ൽ മറുപടിയ്ക്ക്**

**രോഗങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വളർത്തുമൃഗങ്ങളെയും കന്നുകാലികളെയും ബാധിക്കുന്ന പുതിയതരം രോഗങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും വ്യാപനം തടയുന്നതിനും എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ മൃഗാശുപത്രികളിൽ ദിവസേന ചികിത്സക്കായി കൊണ്ടുവരുന്ന മൃഗങ്ങളിൽ പുതിയരോഗങ്ങൾ ഉണ്ടോ എന്ന് ഡോക്ടർമാർ നിരീക്ഷിച്ചു വരുന്നുണ്ട്. അത്തരത്തിൽ എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ വകുപ്പിന് താഴെയുള്ള ജില്ലാ ലബോറട്ടറികൾ വഴിയും നാലു മേഖലാ ലബോറട്ടറികൾ വഴിയും രോഗ നിർണയം നടത്തുവാൻ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. രോഗ നിർണയ നടപടികൾ ഏകോപിപ്പിക്കുന്നത് പാലോടുള്ള വകുപ്പിന്റെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസും പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് അനിമൽ ഡിസീസസ് കൺട്രോൾ പ്രോജക്റ്റ് വഴിയുമാണ്.<br><br>കേരളത്തിന്റെ അതിർത്തികളിലൂടെ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മൃഗങ്ങളെ പരിശോധിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റുകൾ സജ്ജമാണ്. വകുപ്പിന് കീഴിലുള്ള ലൈവ് സ്റ്റോക്ക് മാനേജ് മെന്റ് ട്രെയിനിങ് കേന്ദ്രങ്ങൾ വഴി കർഷകർക്കും പൊതു ജനത്തിനും മൃഗങ്ങളിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങളെ കുറിച്ചും അതിന്റെ ലക്ഷണങ്ങളും മുൻ കരുതലുകളും പ്രതിരോധ മാർഗങ്ങളെക്കുറിച്ചും മനസിലാകുന്നതിന് വേണ്ടി ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. |
| (ബി) | ഇതിനായി ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയോജിത ഇടപെടലുകൾ കൂടി സ്വീകരിച്ച് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ശ്രമിക്കുമോ; എങ്കിൽ അറിയിക്കാമോ? | (ബി) | ഏകാരോഗ്യം എന്ന ആശയം ലോകമെമ്പാടും പ്രചരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ് മറ്റു പല വകുപ്പുകളുടെയും ഏകോപനം അനിവാര്യമാണ്. ഇതിനായി സംസ്ഥാനതല സൂണോസിസ് കമ്മിറ്റി നിലവിൽ വന്നു കഴിഞ്ഞു. കൂട്ടായി പരിശ്രമിച്ചു ആശയവിനിമയം നടത്തി ഒരു മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിനായി ആലോചിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ